**മധുരമായ കുട്ടികളെ - നിങ്ങളെല്ലാവരും പരസ്പരം ആത്മീയ സഹോദര-സഹോദരരാണ്, നിങ്ങളുടെ സ്നേഹം ആത്മീയമായിരിക്കണം, ആത്മാവിന്റെ സ്നേഹം ആത്മാവിനോടായിരിക്കണം, ശരീരത്തോടല്ല.**

**ചോദ്യം :-** ബാബ തന്റെ വീടിനെ സംബന്ധിച്ച അദ്ഭുതകരമായ ഏതൊരു കാര്യമാണ് കേൾപ്പിച്ചിട്ടുള്ളത്?
**ഉത്തരം :-** ഏതെല്ലാം ആത്മാക്കളാണോ എന്റെ വീട്ടിലേക്ക് വരുന്നത്, അവർ അവരവരുടെ സെക്ഷനിൽ അവരുടെ നമ്പറിൽ നിശ്ചയിക്കപ്പെട്ടതാണ്. അതൊരിക്കലും ഇളകുകയോ മാറുകയോ ഇല്ല. അവിടെ എല്ലാ ധർമ്മത്തിലുള്ള ആത്മാക്കളും എന്റെ സമീപത്താണ് ഇരിക്കുന്നത്. അവിടെ നിന്ന് ഓരോരുത്തരുടെയും നമ്പറനുസരിച്ച് അവരവരുടെ സമയത്ത് വേഷമഭിനയിക്കാൻ വരുന്നു. ഈ അദ്ഭുതകരമായ അറിവ് ഈ സമയം കല്പത്തിൽ ഒരു പ്രാവശ്യം മാത്രമാണ് നിങ്ങൾക്ക് ലഭിക്കുന്നത്. മറ്റൊരാൾക്കും ഈ ജ്ഞാനം നൽകാൻ സാധിക്കില്ല.

**ഓം ശാന്തി**. ബാബയിരുന്നു കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. കുട്ടികൾക്കറിയാം നമ്മൾ ആത്മാക്കൾക്ക് അച്ഛൻ മനസ്സിലാക്കി തരുന്നു. ബാബക്ക് താൻ ആത്മാക്കളുടെ അച്ഛനാണെന്നും അറിയാം. ഇങ്ങനെ മറ്റാരും മനസ്സിലാക്കുന്നുമില്ല അതുപോലെ സ്വയം ആത്മാവെന്ന് മനസ്സിലാക്കൂ എന്ന് ആരും ഒരിക്കലും മനസ്സിലാക്കി തരുന്നുമില്ല. ഇത് ബാബ മാത്രമാണ് ആത്മാക്കൾക്ക് മനസ്സിലാക്കി തരുന്നത്. ഈ ജ്ഞാനത്തിന്റെ പ്രാലബ്ധം നമ്പർ വൈസ് പുരുഷാർത്ഥമനുസരിച്ച് ഭാവിയിൽ നേടുന്നവരാണ് നിങ്ങൾ. ഇതും ആർക്കും ഓർമ്മയിരിക്കുന്നുമില്ല, അതായത് ഈ ലോകം പരിവർത്തനപ്പെടാനുള്ളതാണ്, പരിവർത്തനപ്പെടുത്തുന്നത് ബാബയാണ് എന്നെല്ലാം. ഇവിടെയാണെങ്കൽ സൻമുഖത്താണിരിക്കുന്നത്, വീട്ടിലേക്ക് പോകുമ്പോൾ മുഴുവൻ ദിവസവും തന്റെ ജോലി മുതലായവയിൽ തന്നെ മുഴുകി പോകുന്നു. ബാബയുടെ ശ്രീമത്താണ്-കുട്ടികളെ, എവിടെ വസിക്കുന്നുവോ അവിടെയിരുന്ന് എന്നെ ഓർമ്മിക്കൂ. ഏതുപോലെയാണോ കന്യകയായിരിക്കുമ്പോൾ പതി ആരായിരിക്കും എന്നറിയാത്തത്, ഫോട്ടോ കാണുമ്പോൾ അവരുടെ ഓർമ്മ വരുന്നു. എവിടെ കഴിഞ്ഞുകൊണ്ടും പരസ്പരം ഓർമ്മിക്കുന്നു, ഇതിനെയാണ് പറയുന്നത് ഭൗതീക സ്നേഹം. ഇവിടെ ആത്മീയ സ്നേഹമാണ്. ആത്മീയ സ്നേഹം ആരോടൊപ്പമാണ്? കുട്ടികൾക്ക് ആത്മീയ അച്ഛനോടും പരസ്പരവും. നിങ്ങൾ കുട്ടികൾക്കും പരസ്പരം വളരെ സ്നേഹമുണ്ടായിരിക്കണം അതായത് ആത്മാക്കൾക്ക് ആത്മാക്കളോടൊപ്പം സ്നേഹമുണ്ടായിരിക്കണം. ഈ ശിക്ഷണവും നിങ്ങൾ കുട്ടികൾക്ക് ഇപ്പോഴാണ് ലഭിക്കുന്നത്. ലോകത്തിലെ മനുഷ്യർക്ക് ഒന്നും അറിയില്ല. നിങ്ങളെല്ലാവരും സഹോദര-സഹോദരങ്ങളാണ് അതുകൊണ്ട് പരസ്പരം തീർച്ചയായും സ്നേഹമുണ്ടായിരിക്കണം കാരണം ഒരച്ഛന്റെ മക്കളല്ലേ. ഇതിനെയാണ് പറയുന്നത് ആത്മീയ സ്നേഹം. ഡ്രാമാ പ്ലാനനുസരിച്ച് കേവലം പുരുഷോത്തമ സംഗമയുഗത്തിൽ മാത്രമാണ് ആത്മീയ അച്ഛൻ വന്ന് ആത്മീയ കുട്ടികൾക്ക് സന്മുഖത്ത് മനസ്സിലാക്കി തരുന്നത്. കുട്ടികൾക്കറിയാം ബാബ വന്നിരിക്കുകയാണ്. നമ്മൾ കുട്ടികളെ പുഷ്പത്തെപ്പോലെ പവിത്രവും പതിതത്തിൽ നിന്ന് പാവനവുമാക്കി കൂടെ കൊണ്ട് പോകും. കൈയിൽ പിടിച്ച് കൊണ്ട് പോകുകയല്ല. എല്ലാ ആത്മാക്കളും വെട്ടുകിളി കൂട്ടം പോകുന്നതുപോലെ പറന്നു പോകും. അവർക്കും ഏതെങ്കിലും വഴികാട്ടിയുണ്ടാകും. വഴികാട്ടിയോടൊപ്പം മുന്നിൽ വേറെയും വഴികാട്ടികളുണ്ടായിരിക്കും. മുഴുവൻ കൂട്ടവും എപ്പോഴാണോ ഒരുമിച്ച് പോകുന്നത് അപ്പോൾ വളരെ ശബ്ദമുണ്ടാകുന്നു. സൂര്യന്റെ പ്രകാശത്തെ പോലും മറയ്ക്കുന്നു, ഇത്രയും വലിയ കുട്ടമായിരിക്കും. നിങ്ങൾ ആത്മാക്കളുടേതാണെങ്കിൽ എത്ര വലിയ എണ്ണാനാവാത്ത കൂട്ടമാണ്. ഒരിക്കലും എണ്ണാൻ സാധിക്കില്ല. ഇവിടെ മനുഷ്യരുടെ എണ്ണമെടുക്കാൻ സാധിക്കില്ല. ജനസംഖ്യയെല്ലാം കണക്കെടുക്കുന്നുണ്ടെങ്കിലും അത് കൃത്യമായതൊന്നുമല്ല. ആത്മാക്കൾ എത്രയുണ്ട്, ഈ കണക്ക് ഒരിക്കലും എടുക്കാൻ സാധിക്കില്ല. സത്യയുഗത്തിൽ ഏകദേശം ഇത്ര മനുഷ്യരുണ്ടായിരിക്കും എന്നു പറയാം എന്തുകൊണ്ടെന്നാൽ ഭാരതം മാത്രമായിരിക്കും ഉണ്ടായിരിക്കുക. നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ വിശ്വത്തിന്റെ അധികാരികളായിക്കൊണ്ടിരിക്കുകയാണ്. ആത്മാവ് എപ്പോഴാണോ ശരീരത്തിലിരിക്കുന്നത് അപ്പോൾ ജീവാത്മാവാണ്, അതുകൊണ്ട് രണ്ടും ഒരുമിച്ച് സുഖം അഥവാ ദുഃഖം അനുഭവിക്കുന്നു. വളരെ ആളുകൾ ഇങ്ങനെ മനസ്സിലാക്കുന്നുണ്ട് അതായത് ആത്മാവ് തന്നെയാണ് പരമാത്മാവ്, അതൊരിക്കലും ദുഃഖമനുഭവിക്കുന്നില്ല, നിർലേപമാണ് എന്ന്. നമ്മൾ ആത്മാക്കളാണെന്ന് നിശ്ചയം ചെയ്യാം പക്ഷെ അച്ഛനെ എവിടെ ഓർമ്മിക്കും എന്ന കാര്യത്തിൽ വളരെ കുട്ടികൾ ആശയക്കുഴപ്പത്തിലാകുന്നു. ഇതറിയാമല്ലോ ബാബ പരംധാം നിവാസിയാണ്. ബാബ തന്റെ പരിചയം

തന്നിട്ടുണ്ട്. എവിടെ നടന്നും കറങ്ങിയും ബാബയെ ഓർമ്മിക്കൂ. ബാബ നിവസിക്കുന്നത് പരംധാമത്തിലാണ്. നിങ്ങളുടെ ആത്മാവും അവിടുത്തെ നിവാസിയാണ് പിന്നീടിവിടെ പാർട്ടഭിനയിക്കാൻ വരുന്നതാണ്. ഈ ജ്ഞാനവും ഇപ്പോൾ ലഭിച്ചതാണ്.

നിങ്ങൾ ദേവതയായിരിക്കുമ്പോൾ ഇന്ന–ഇന്ന ധർമ്മത്തിലെ ആത്മാക്കൾ മുകളിലുണ്ട് എന്ന് നിങ്ങൾക്ക് ഓർമ്മ ഉണ്ടായിരിക്കില്ല. മുകളിൽ നിന്ന് വന്ന് ഇവിടെ ശരീരം ധാരണ ചെയ്ത് പാർട്ടഭിനയിക്കുന്നു, ഈ ചിന്തനം അവിടെ നടക്കില്ല. മുൻപും ഇതറിഞ്ഞിരുന്നില്ല അതായത് ബാബയും പരംധാമത്തിലാണ് നിവസിക്കുന്നത്, അവിടെ നിന്ന് ഇവിടെ വന്ന് ശരീരത്തിൽ പ്രവേശിക്കുന്നുവെന്ന്. ഇപ്പോൾ ബാബ ഏത് ശരീരത്തിലാണ് പ്രവേശിക്കുന്നത്, ബാബ തന്റെ വിലാസം പറയുന്നു. നിങ്ങൾ അഥവാ ശിവബാബ കെയർ ഓഫ് പരംധാമം എന്ന് എഴുതുകയാണെങ്കിൽ പരംധാമത്തിലേക്ക് കത്ത് പോകുകയില്ല, അതുകൊണ്ടാണ് തന്നെയാണ് ഇങ്ങനെ എഴുതുന്നത്– ശിവബാബ കെയർ ഓഫ് ബ്രഹ്മാ, പിന്നെ ഇവിടുത്തെ വിലാസം എഴുതുന്നു എന്തുകൊണ്ടെന്നാൽ നിങ്ങൾക്കറിയാം ബാബ ഇവിടെ തന്നെ വരുന്നുണ്ട്, ഈ രഥത്തിൽ പ്രവേശിക്കുന്നു. അതുപോലെത്തന്നെ ആത്മാക്കളും മുകളിൽ നിവസിക്കുന്നവരാണ്. നിങ്ങൾ സഹോദര–സഹോദരരാണ്. എപ്പോഴും മനസ്സിലാക്കൂ ഇത് ആത്മാവാണ്, ഇവരുടെ പേര് ഇന്നതാണ്. ആത്മാവിനെയാണ് ഇവിടെ കാണുന്നത് എന്നാൽ മനുഷ്യൻ ദേഹാഭിമാനത്തിലേക്ക് വരുന്നു. ബാബ ദേഹീ–അഭിമാനിയാക്കുന്നു. ബാബ പറയുന്നു നിങ്ങൾ നിങ്ങളെ ആത്മാവെന്ന് മനസ്സിലാക്കൂ എന്നിട്ട് എന്നെ ഓർമ്മിക്കൂ. ഈ സമയം ബാബ മനസ്സിലാക്കി തരികയാണ് എപ്പോഴാണോ ഞാൻ ഇവിടെ വരുന്നത്, വന്ന് കുട്ടികൾക്ക് ജ്ഞാനവും തരുന്നു. പഴയ ശരീരം എടുത്തിരിക്കുന്നു, അതിൽ ഏറ്റവും മുഖ്യമായുള്ളത് ഈ വായാണ്. കണ്ണുകളുമുണ്ട്, എന്നാൽ ജ്ഞാനാമൃതം വായിലൂടെയാണ് ലഭിക്കുന്നത്. ഗോമുഖമെന്ന് പറയുന്നില്ലേ അർത്ഥം അമ്മയുടെ ഈ വായാണ്. വലിയ അമ്മയിലൂടെ നിങ്ങളെ ദത്തെടുക്കുന്നു. അപ്പോൾ ഇത് അമ്മയുമായി. പാടുന്നുമുണ്ട് നീ മാതാ–പിതാവാണ് ഞങ്ങൾ നിന്റെ കുട്ടികളാണ്....... അതുകൊണ്ട് അത് എല്ലാ ആത്മാക്കളുടെയും പിതാവാണ്. ബാബയെ അമ്മയെന്ന് പറയില്ല. അച്ഛനാണ്. അച്ഛനിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്, അപ്പോൾ അമ്മയും വേണം. ആ അച്ഛൻ ഇദ്ദേഹത്തിലാണ് വരുന്നത്. ഇപ്പോൾ നിങ്ങൾ അറിഞ്ഞിരിക്കുന്നു ബാബ മുകളിലാണ് നിവസിക്കുന്നത്. നമ്മൾ ആത്മാക്കളും മുകളിലാണ് നിവസിക്കുന്നത്. പിന്നീട് ഇവിടെ പാർട്ടഭിനയിക്കാൻ വരുന്നു. ലോകത്തിലുള്ളവർക്ക് ഈ കാര്യങ്ങളൊന്നും തന്നെ അറിയില്ല. അവരാണെങ്കിൽ കല്ലിലും മുള്ളിലും പരമാത്മാവുണ്ടെന്ന് പറയുന്നു , അങ്ങനെയാണെങ്കിൽ എണ്ണമില്ലാത്തത്രയുമാകും. ഇതിനെയാണ് പറയുന്നത് ഘോരമായ അന്ധകാരം. മഹിമയുമുണ്ട്, ജ്ഞാനസൂര്യനുദിച്ചു അജ്ഞാന അന്ധകാരം ഇല്ലാതായി. ഈ സമയം നിങ്ങൾക്ക് ജ്ഞാനമുണ്ട്– ഇതാണ് രാവണ രാജ്യം, ആ കാരണത്താലാണ് അന്ധകാരം. അവിടെയാണെങ്കിൽ രാവണ രാജ്യം ഉണ്ടാകുന്നില്ല അതുകൊണ്ട് ഒരുവികാരവുമില്ല. ദേഹ–അഭിമാനവുമില്ല. അവിടെ ആത്മ–അഭിമാനി ആയാണ് കഴിയുന്നത്. ആത്മാവിന് ജ്ഞാനമുണ്ട്–ഇപ്പോൾ ചെറിയ കുട്ടിയാണ്, ഇപ്പോൾ ഞാൻ യുവാവായിരിക്കുന്നു, ഇപ്പോൾ വൃദ്ധശരീരമായിരിക്കുന്നു അതുകൊണ്ട് ഇപ്പോൾ ഈ ശരീരം ഉപേക്ഷിച്ച് പുതിയതെടുക്കണം. അവിടെ ഇന്നയാൾ മരിച്ച് പോയി എന്ന് ഒരിക്കലും പറയില്ല. ആ ലോകം തന്നെ അമരലോകമാണ്. സന്തോഷത്തോടെ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു. ഇപ്പോൾ ആയുസ്സ് പൂർത്തിയായിരിക്കുന്നു, ഇതുപേക്ഷിച്ച് പുതിയതെടുക്കണം അതുകൊണ്ടാണ് സന്യാസിമാർ സർപ്പത്തിന്റെ ഉദാഹരണം നൽകുന്നത്. ഉദാഹരണം വാസ്തവത്തിൽ ബാബ നൽകിയതാണ്. അത് പിന്നീട് സന്യസിമാർ എടുക്കുന്നതാണ്. അതുകൊണ്ടാണ് ബാബ പറയുന്നത് ഈ ഏതൊരു ജ്ഞാനമാണോ ഞാൻ നിങ്ങൾക്ക് തരുന്നത് ഇത് പ്രായഃലോപമാകുന്നു. ബാബയുടെ വാക്കുകളുമുണ്ട്, ചിത്രവുമുണ്ട് പക്ഷെ ആട്ടയിലെ ഉപ്പ് പോലെ. അതുകൊണ്ട് ബാബയിരുന്ന് അർത്ഥം മനസ്സിലാക്കി തരികയാണ് – ഏതുപോലെയാണോ സർപ്പം പഴയ തോൽ ഉപേക്ഷിക്കുന്നത് അപ്പോൾ പുതിയത് വരുന്നു. അതിനെ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതിൽ പ്രവേശിക്കുന്നു എന്ന് പറയില്ല. തോൽ മാറ്റുന്നത് ഒരു സർപ്പത്തിന്റെ മാത്രം ഉദാഹരണമാണ്. ആ തോൽ അതിന് കാണാനും സാധിക്കും. ഏതുപോലെയാണോ വസ്ത്രം അഴിക്കുന്നത് അതുപോലെ സർപ്പവും തോലുപേക്ഷിക്കുന്നു, അപ്പോൾ അടുത്തത് ലഭിക്കുന്നു. സർപ്പം അത് അപ്പോഴും ജീവനോടെ തന്നെ ഇരിക്കുന്നു, എന്ന് വിചാരിച്ച് സദാ മരിക്കാതിരിക്കും എന്നല്ല. 2–3 തോൽ മാറ്റിയതിന് ശേഷം പിന്നീട് മരിക്കും. അവിടെയും നിങ്ങൾ കൃത്യസമയത്തിൽ ഒരു തോൽ ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു. മനസ്സിലാകുന്നു ഇപ്പോൾ എനിക്ക് ഗർഭത്തിലേക്ക് പോകണം. അവിടെ യോഗബലത്തിന്റെ കാര്യം മാത്രമാണുള്ളത്. യോഗബലത്തിലൂടെയാണ് നിങ്ങൾ ജനിക്കുന്നത്. അതുകൊണ്ടാണ് അമരമെന്ന് പറയുന്നത്. ആത്മാവ് പറയുന്നു ഇപ്പോൾ ഞാൻ വൃദ്ധനായിരിക്കുന്നു, ശരീരം പഴയതായിരിക്കുന്നു. സാക്ഷാത്ക്കാരമുണ്ടാകുന്നു ഇപ്പോൾ ഞാൻ പോയി ചെറിയ കുട്ടിയാകും. സ്വയം തന്നെ ശരീരം ഉപേക്ഷിച്ച് ആത്മാവ് തീവ്രഗതിയിൽ ചെറിയ കുട്ടിയിൽ പ്രവേശിക്കുന്നു. ആ ഗർഭത്തെ ജയിലെന്നല്ല, കൊട്ടാരമെന്ന്

പറയുന്നു. അനുഭവിക്കാനായി പാപമൊന്നും ഉണ്ടാകുന്നില്ല. ഗർഭ കൊട്ടാരത്തിൽ വിശ്രമത്തോടെ കഴിയുന്നു, ദുഃഖത്തിന്റെ ഒരു കാര്യവുമില്ല. ഇനി രോഗമുണ്ടാകാനാണെങ്കിൽ അത്തരത്തിലുള്ള ഒരു മോശമായ വസ്തുവും കഴിക്കുന്നുമില്ല.

ഇപ്പോൾ ബാബ പറയുന്നു-കുട്ടികളെ, നിങ്ങൾക്ക് നിർവ്വാണധാമത്തിലേക്ക് പോകണം, ഈ ലോകം പരിവർത്തനപ്പെടണം. പഴയതിൽ നിന്ന് വീണ്ടും പുതിയതാകും. ഓരോരോ വസ്തുവിനും മാറ്റം സംഭവിക്കുന്നുണ്ട്. വൃക്ഷത്തിൽ നിന്ന് വിത്ത് വരുന്നു, വീണ്ടും വിത്ത് നടുകയാണെങ്കിൽ എത്ര ഫലമാണ് ലഭിക്കുന്നത്. ഒരു വിത്തിൽ നിന്ന് എത്ര കായ്കളാണ് വരുന്നത്. സത്യയുഗത്തിൽ ഒരുകുട്ടി മാത്രമാണ് ഉണ്ടാകുക - യോഗബലത്തിലൂടെ. ഇവിടെ വികാരത്തിലൂടെ 4-5 കുട്ടികളെ ജനിപ്പിക്കുന്നു. സത്യയുഗത്തിലും കലിയുഗത്തിലും വളരെ വ്യത്യാസമുണ്ട് അത് ബാബ പറഞ്ഞ് തരുന്നു. പുതിയ ലോകം പിന്നീടെങ്ങനെയാണ് പഴയതാകുന്നത്, അതിൽ ആത്മാവെങ്ങനെയാണ് 84 ജന്മങ്ങളെടുക്കുന്നത്- ഇതും ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്. ഓരോ ആത്മാവും അവരവരുടെ പാർട്ടഭിനയിച്ച് പിന്നീട് എപ്പോൾ തിരിച്ച് പോകുന്നോ അപ്പോൾ അവരവരുടെ തന്നെ സ്ഥാനത്ത് പോയി നിൽക്കുന്നു. സ്ഥാനം മാറുകയില്ല. അവരവരുടെ ധർമ്മത്തിൽ അവരരവരുടെ സ്ഥാനത്ത് നമ്പർ അനുസരിച്ച് നിൽക്കും, പിന്നീട് നമ്പർ അനുസരിച്ച് തന്നെയാണ് താഴേക്ക് വരേണ്ടത് അതുകൊണ്ടാണ് മൂലവതനത്തിന്റെ ചെറിയ-ചെറിയ മോഡലുകൾ ഉണ്ടാക്കി വയ്ക്കുന്നത്. എല്ലാ ധർമ്മങ്ങൾക്കും അവരവരുടെ സെക്ഷനുണ്ട്. ആദ്യത്തെ ധർമ്മം ദേവീ-ദേവതകളുടേതാണ്, പിന്നീട് നമ്പറനുസരിച്ച് ഓരോരുത്തരും വരുന്നു. പോയിരിക്കുന്നതും നമ്പർ അനുസരിച്ച് തന്നെയാണ്. നിങ്ങളും നമ്പർ അനുസരിച്ചാണ് പാസ്സാകുന്നത്, മാർക്കിനനുസരിച്ചാണ് സ്ഥാനം നേടുന്നത്. ബാബയുടെ ഈ പഠിപ്പ് കൽപത്തിൽ ഒരേയൊരു പ്രാവശ്യം മാത്രമാണ് ഉണ്ടാകുന്നത്. നിങ്ങൾ ആത്മാക്കളുടേത് എത്ര ചെറിയ കുലമായിരിക്കും. എന്നാൽ നിങ്ങളുടെ വൃക്ഷം ഇത്രയും വലുതാണ്. നിങ്ങൾ കുട്ടികൾ ദിവ്യദൃഷ്ടിയിലൂടെ കണ്ട് പിന്നീട് ഇവിടെ ഇരുന്ന് ചിത്രം മുതലായവയെല്ലാം ഉണ്ടാക്കിയിട്ടുണ്ട്. ആത്മാവ് എത്ര ചെറുതാണ്, ശരീരം എത്ര വലുതാണ്. എല്ലാ ആത്മാക്കളും അവിടെ പോയി ഇരിക്കും. വളരെ കുറച്ച് സ്ഥലത്ത് സമീപത്ത് പോയിരിക്കും. മനുഷ്യരുടെ വൃക്ഷം എത്ര വലുതാണ്. മനുഷ്യർക്ക് സ്ഥലം വേണ്ടേ - നടക്കാനും കറങ്ങാനും, കളിക്കാനും, ജോലി ചെയ്യാനും. എല്ലാം ചെയ്യാൻ സ്ഥലം വേണം. നിരാകാരി ലോകത്തിൽ ആത്മാക്കൾക്ക് ചെറിയ സ്ഥലമായിരിക്കും അതുകൊണ്ടാണ് ഈ ചിത്രങ്ങളിലും കാണിച്ചിട്ടുള്ളത്. ഉണ്ടായതും- ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്, ശരീരം ഉപേക്ഷിച്ച് ആത്മാക്കൾക്ക് അവിടേക്ക് പോകണം. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് നമ്മൾ അവിടെ എങ്ങനെയാണ് കഴിയുന്നത് അതുപോലെ മറ്റ് ധർമ്മത്തിലുള്ളവർ എങ്ങനെയാണ് കഴിയുന്നത്. പിന്നീട് എങ്ങനെയാണ് നമ്പർവൈസ് അനുസരിച്ച് വേറെ-വേറെയാകുന്നത്. ഈ എല്ലാ കാര്യങ്ങളും നിങ്ങളെ കൽപ-കൽപം ഒരു ബാബ മാത്രമാണ് വന്ന് കേൾപ്പിക്കുന്നത്. ബാക്കി എല്ലാം തന്നെ ഭൗതീക പഠിത്തങ്ങളാണ്. അതിനെ ആത്മീയ പഠിത്തമെന്ന് പറയാൻ സാധിക്കില്ല.

ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കളാണ്. ഞാൻ എന്നാൽ ആത്മാവ്, എന്റേതെന്നാൽ എന്റേതാണ് ഈ ശരീരം. മനുഷ്യർ ഇതറിയുന്നില്ല. അവർക്കെപ്പോഴും ദേഹത്തിന്റെ സംബന്ധമാണുള്ളത്. സത്യയുഗത്തിലും ദേഹത്തിന്റെ സംബന്ധമായിരിക്കും. എന്നാൽ അവിടെ നിങ്ങൾ ആത്മാഭിമാനിയായിരിക്കും. ഇതറിയുന്നു ഞാൻ ആത്മാവാണ്, എന്റെ ഈ ശരീരം ഇപ്പോൾ വൃദ്ധനായിരിക്കുന്നു, അതുകൊണ്ട് ഞാൻ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു. ഇതിൽ ആശയക്കുഴപ്പത്തിലാകേണ്ട ഒരു കാര്യം പോലുമില്ല. നിങ്ങൾ കുട്ടികൾക്ക് ബാബയിൽ നിന്ന് രാജ്യ പദവി നേടണം. തീർച്ചയായും പരിധിയില്ലാത്ത അച്ഛനല്ലേ. മനുഷ്യർ ഏതുവരെ ജ്ഞാനത്തെ പൂർണ്ണമായും മനസ്സിലാക്കുന്നില്ലയോ അതുവരെ അനേക ചോദ്യങ്ങൾ ചോദിക്കുന്നു. ജ്ഞാനമുള്ളത് നിങ്ങൾ ബ്രാഹ്മണർക്കാണ്. നിങ്ങൾ ബ്രാഹ്മണരുടെ ക്ഷേത്രം വാസ്തവത്തിൽ അജ്മീറിലുണ്ട്. ഒന്നാണ് പുഷ്കരണി ബ്രാഹ്മണർ അടുത്തതാണ് സാരസിദ്ധ ബ്രാഹ്മണർ. അജ്മീറിൽ ബ്രഹ്മാവിന്റെ ക്ഷേത്രം കാണാൻ പോകാറുണ്ട്. ബ്രഹ്മാവിരിക്കുന്നുണ്ട്, താടിയെല്ലാം നൽകിയിട്ടുണ്ട്. അദ്ദേഹത്തെ മനുഷ്യന്റെ രൂപത്തിലാണ് കാണിച്ചിട്ടുള്ളത്. നിങ്ങൾ ബ്രാഹ്മണരും മനുഷ്യന്റെ രൂപത്തിലാണ്. ബ്രാഹ്മണരെ ദേവതയെന്ന് പറയില്ല. ബ്രഹ്മാവിന്റെ സന്താനം സത്യ-സത്യമായ ബ്രാഹ്മണർ നിങ്ങളാണ്. അവർ ബ്രഹ്മാവിന്റെ സന്താനമൊന്നുമല്ല, അവസാനം വരുന്നവർക്ക് ഇതറിയില്ല. ഈ വിരാട രൂപം നിങ്ങളുടേതാണ്. ഇത് ബുദ്ധിയിലുണ്ടായിരിക്കണം. ഇത് മുഴുവൻ ജ്ഞാനമാണ് ഇത് നിങ്ങൾക്ക് ആർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. നമ്മൾ ആത്മാക്കളാണ്, ബാബയുടെ മക്കളാണ്, ഇത് യഥാർത്ഥ രീതിയിൽ മനസ്സിലാക്കി, ഇതിൽ ഉറച്ച നിശ്ചയമുണ്ടായിരിക്കണം. ഇത് യഥാർത്ഥ കാര്യമാണ്, എല്ലാ ആത്മാക്കളുടെയും അച്ഛൻ ഒരു പരമാത്മാവാണ്. എല്ലാവരും ആ അച്ഛനെയാണ് ഓർമ്മിക്കുന്നത്. അല്ലയോ ഭഗവാൻ എന്ന് മനുഷ്യരുടെ

വായിൽ നിന്ന് തീർച്ചയായും വരുന്നുണ്ട്. പരമാത്മാവ് ആരാണ്– ഏതുവരെ ബാബ വന്ന് മനസ്സിലാക്കി തരുന്നില്ലയോ അത് വരെ ഇതാരും അറിയുന്നില്ല. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഈ ലക്ഷ്മീ–നാരായണൻ ഇവർ വിശ്വത്തിന്റെ അധികാരികളായിരുന്നു, ഇവർക്കേ അറിയില്ലായിരുന്നെങ്കിൽ പിന്നെ ഋഷിക്കും, മുനിക്കും എങ്ങനെ അറിയാൻ സാധിക്കും! ഇപ്പോൾ നിങ്ങൾ ബാബയിലൂടെ അറിഞ്ഞിരിക്കുന്നു. നിങ്ങളാണ് ആസ്തികർ, എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് രചയിതാവിന്റെയും രചനയുടെയും ആദി–മദ്ധ്യ–അന്ത്യത്തെ അറിയാം. ചിലർ നന്നായി അറിയുന്നുണ്ട്, ചിലർ കുറച്ച്. ബാബ സന്മുഖത്ത് വന്ന് പഠിപ്പിക്കുന്നു ചിലർ നന്നായി ധാരണ ചെയ്യുന്നു, ചിലർ കുറച്ച് ധാരണ ചെയ്യുന്നു. പഠിപ്പ് തീർത്തും എളുപ്പവുമാണ്, വലുതുമാണ്. ബാബയിൽ ഇത്രയും ജ്ഞാനമുണ്ട് അതിന്റെ അറ്റം സാഗരത്തെ മഷിയാക്കുകയാണെങ്കിൽ പോലും എഴുതാൻ സാധിക്കില്ല. ബാബ സഹജമാക്കി മനസ്സിലാക്കി തരികയാണ്. ബാബയെ അറിയണം, സ്വദർശന ചക്രധാരിയാകണം. അത്രമാത്രം!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. സദാ ഓർമ്മ സഹജമായി ഉണ്ടായിരിക്കണം അതിന് വേണ്ടി നടക്കുമ്പോഴും കറങ്ങുമ്പോഴും ഈ ചിന്തനം ചെയ്യണം നമ്മൾ ആത്മാവാണ്, പരംധാമ നിവാസിയായ ആത്മാവ് ഇവിടെ പാർട്ടഭിനയിക്കാൻ വന്നിരിക്കുന്നു. ബാബയും പരംധാമത്തിലാണ് വസിക്കുന്നത്, ബാബ ബ്രഹ്മാ ശരീരത്തിൽ വന്നിരിക്കുന്നു.

2. ഏതുപോലെയാണോ ആത്മീയ അച്ഛനോട് ആത്മാവിന് സ്നേഹമുള്ളത്, അതുപോലെ പരസ്പരവും ആത്മീയ സ്നേഹത്തോടെ കഴിയണം. ആത്മാവിന്റെ സ്നേഹം ആത്മാവിനോടായിരിക്കണം, ശരീരത്തോടല്ല. ആത്മ–അഭിമാനിയാകുന്നതിന്റെ പരിപൂർണ്ണ അഭ്യാസം ചെയ്യണം.

## വരദാനം:– പരിധിയുള്ള പ്രതീക്ഷകളിൽ നിന്ന് മുക്തമായിരുന്ന് സർവ്വ പ്രശ്നങ്ങളിൽ നിന്നും ദൂരെയിരിക്കുന്ന പ്രസന്നചിത്തരായി ഭവിക്കട്ടെ.

പരിധിയുള്ള പ്രതീക്ഷകളിൽ നിന്ന് മുക്തമായിരിക്കുന്നവരുടെ മുഖത്ത് സദാ പ്രസന്നതയുടെ തിളക്കം കാണപ്പെടുന്നു. പ്രസന്നചിത്തരായവർ ഒരു കാര്യത്തിലും പ്രശ്നചിത്തരായിരിക്കില്ല. അവർ സദാ നി–സ്വാർത്ഥികളും സദാ എല്ലാവർക്കും നിർദ്ദോഷ അനുഭവം ചെയ്യുന്നവരുമായിരിക്കും, ഒരാൾക്ക് മേലും ദോഷം ചെയ്യില്ല. ഏതൊരു പരിതസ്ഥിതി വന്നാലും ഏതൊരു ആത്മാവ് കർമ്മക്കണക്ക് തീർപ്പാക്കുന്നതിന് വേണ്ടി നേരിടാൻ വന്നാലും, ശരീരത്തിന്റെ കർമ്മഭോഗം നേരിടാൻ വന്നുകൊണ്ടിരുന്നാലും സന്തുഷ്ടതയുള്ളത് കാരണം അവർ സദാ പ്രസന്നചിത്തരായിരിക്കും.

## സ്ലോഗൻ:– വ്യർത്ഥത്തിന്റെ ചെക്കിങ്ങ് ശ്രദ്ധയോടെ ചെയ്യൂ, അശ്രദ്ധയോടെയല്ല.